സർവകലാശാലകളുടെ പുന:സംഘടന

# ഉന്നതവിദ്യാഭ്യാസരംഗം

## സാമൂഹിക ബാദ്ധ്യതകളും
## സാമ്പത്തിക പ്രശ്നങ്ങളും

378.1

പ്രസിദ്ധീകരണം 1

378.1

# മുഖവുര

9395

Library & Research Centre

ഉന്നത വിദ്യാഭ്യാസം വീണ്ടും ഒരു സജീവ ചർച്ചാവിഷയമായിരിക്കുന്നു. കേരളത്തിലെ 'അഫിലിയേറ്റിംഗ് സർവ്വകലാശാലകൾക്ക്' ഒരു പൊതു നിയമം നിർമ്മിക്കാൻ കേരള സർക്കാർ നടത്തുന്ന തീവ്രപ്രശമമാണ്, അതിന്നിപ്പോൾ കാരണമൊരുക്കുന്നത്. സർവ്വകലാശാലകളുടെ കാര്യക്ഷമതാരാഹിത്യം, ഭരണ സമിതികൾക്കുള്ള അധികാരങ്ങളുടെ അപര്യാപ്തത, പരീക്ഷാ സമ്പ്രദായത്തിന്റെ പരാജയം, ഏകോപനത്തിന്റെയഭാവം, രാഷ്ട്രീയവല്ക്കരണം, സാമ്പത്തിക പരാധീനത—ഇവയൊക്കെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഒരു ഗുരുതരമായ പ്രതിസന്ധിയിൽ കൊണ്ടെത്തിച്ചിരിക്കയാണെന്നും ഇതിൽ നിന്നുമുള്ള മോചനത്തിന് ഒരു പുതിയ സർവ്വകലാശാലാനിയമം കൂടിയേ തീരൂവെന്നുമാണ് ഗവൺമെൻറിന്റെ നിലപാട്. അവ്യക്ത ധാരണകളുടേയും ഉപരിതലസ്പർശിമാത്രമായ അറിവുകളുടേയും അടിസ്ഥാനത്തിൽ അലസമായി രൂപപ്പെടുത്തുന്ന അഭിപ്രായങ്ങൾ സുപ്രധാന നയങ്ങൾക്ക് ആധാരമായിത്തീരുന്നുവെന്നതാണ് നമ്മുടെ ശാപം. അതുകൊണ്ട് പുതിയൊരു നിയമത്തിന്റെ അനിവാര്യതയെയും അതിന്റെ ഉള്ളടക്കത്തെയും കുറിച്ച് തിടുക്കത്തിൽ ഒരു വിധിതീർപ്പ് നടത്തുന്നതിന് മുൻപ് ഉണ്ടാകേണ്ടത് ഉന്നത വിദ്യാഭ്യാസരംഗത്തിന്റെ ഇന്നത്തെ അവസ്ഥയുടെ ആഴമേറിയ അന്വേഷണമാണ്, ചരിത്രപരമായ വിലയിരുത്തലാണ്; ശാസ്ത്രീയമായ അപഗ്രഥനവുമാണ്. ഈ വിശകലനമാകണം, വിദ്യാഭ്യാസത്തിന്റെ മൗലിക

ധർമ്മങ്ങളോടൊപ്പം, ഉന്നതവിദ്യാഭ്യാസ വ്യവസ്ഥയുടെ പുനഃസംഘാടനത്തിന്റെ അടിസ്ഥാനം. അത്തരമൊരു പുനഃസംഘടന ഉന്നത വിദ്യാഭ്യാസക്രമത്തെ സമൂഹോന്മുഖമാക്കണം. കൂടുതൽ നീതിപൂർവ്വകമാക്കണം വികസനാവശ്യങ്ങരം നിറവേററാൻ പര്യാപ്തമാക്കണം, ധൈഷണ സ്വാതന്ത്ര്യം സംരക്ഷിക്കാൻ ശക്തവുമാക്കണം, ഇതൊക്കെ സാക്ഷാൽക്കരിക്കാൻ സാധിക്കുന്ന ഒരു സർവ്വകലാശാലാവ്യവസ്ഥയ്ക്കുതകുന്ന നിയമഘടനാഭരണ സംവിധാനം, അക്കാദമിക പരിപാടികരം ഇവ ഉണ്ടാകുകയാണാവശ്യം. ഈ പുനഃസംഘടനയ്ക്കാവശ്യമായ സുവ്യക്തനിർദ്ദേശങ്ങരംക്ക് രൂപം നല്കുകയെന്ന ലക്ഷ്യത്തോടെ ഒരു പഠന പ്രക്രിയ ആരംഭിച്ചിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ വിവിധ വശങ്ങരം—മൌലിക ലക്ഷ്യങ്ങരം, ഭരണക്രമം, സാമ്പത്തികകാര്യങ്ങരം, പരീക്ഷാ വ്യവസ്ഥ, ഗവേഷണത്തിന്റെ കേന്ദ്രസ്ഥാനം, പങ്കാളിത്തം — ഇവയെക്കുറിച്ച് വിശദമായ പഠനം നടത്തുവാനാണ് ഉദ്ദേശ്യം. ഈ പഠനങ്ങരം നമ്മുടെ സാമൂഹിക സാഹചര്യത്തിന് തീർത്തുമിണങ്ങുന്ന ബദൽ വിദ്യാഭ്യാസനയം സംഘടനയും പ്രവർത്തനവും രൂപപ്പെടുത്തുന്നതിന് നിർണ്ണായകമായ സംഭാവന നല്കുന്നതിനിടയാകണം. സങ്കുചിത താല്പര്യങ്ങളുടെ സങ്കരചിന്തകരം വിദ്യാഭ്യാസ പുനഃസംഘടനയുടെ അടിസ്ഥാനമായിക്കൂടാ. മൌലികമായ പുനഃസംഘടനയ്ക്കാവശ്യമായ ദാർശനിക തെളിമ നല്കാനും ഈ പഠനങ്ങളും സംവാദവും സഹായിക്കണം.

ഈ പഠന പരിപാടിയിലെ ആദ്യസെമിനാർ തിരുവനന്തപുരം യൂണിവേഴ്സിററി സ്ററുഡൻറ് സെൻററിൽ വച്ച് 1993 ഓഗസ്ററ് 25–ാം തീയതി നടന്നു. സാമൂഹികബാദ്ധ്യതകളും സാമ്പത്തിക പ്രശ്നങ്ങളും എന്നതായിരുന്നു വിഷയം. പ്രഫ. പി. കെ. മൈക്കിൾ തരകൻ, പ്രഫ. നൈനാൻ കോശി, പ്രഫ. ആർ. വി. ജി. മേനോൻ, ഡോ. ചിന്നപ്പൻ ഗ്യാസ്പർ, ഡോ. എൻ. കെ. ജയകുമാർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ആ പ്രബന്ധങ്ങളാണ് ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

താമസിയാതെതന്നെ, ഉന്നതവിദ്യാഭ്യസത്തിൻെറ മററുവശങ്ങളെക്കുറിച്ചും കേരളത്തിൻെറ വിവിധ മേഖലകളിൽ വച്ച് സെമിനാറുകൾ നടത്താനും അവിടെ അവതരിപ്പിക്കുന്ന പ്രബന്ധങ്ങളും ചർച്ചകളും പ്രസിദ്ധികരിക്കാനും ഉദ്ദേശിക്കുന്നു. വിദ്യാഭ്യാസരംഗത്തിൻെറ മൌലികമായ പുന:സംഘടന ലക്ഷ്യമാക്കിയുള്ള ഈ പരിപാടിയിൽ വിശാലമായ പങ്കാളിത്തം ഉണ്ടാകണമെന്ന് ഞങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. വിശദാംശങ്ങളിൽ വിഭിന്നത പുലർത്തുന്നവർക്കും സമൂഹോന്മുഖവും നീതിപൂർവ്വകവുമായ ഒരുവിദ്യാഭ്യാസക്രമത്തോടുള്ള പ്രതിബദ്ധതയുടെഅടിസ്ഥാനത്തിൽ ഒന്നിച്ചു ചേരാൻ കഴിയണം. അത്തരമൊരു പ്രക്രിയയായി ഇതു മാറട്ടെ.

ഈ പരിപാടിയിൽ ഇതുവരെ സഹകരിച്ച എല്ലാവർക്കും നന്ദി. ഈ പ്രസിദ്ധീകരണത്തെയും പരിപാടിയെയും പററിയുള്ള പ്രതികരണങ്ങൾ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

8–9–'93

കൺവീനർ

## ഉന്നത വിദ്യാഭ്യാസ രംഗം :
## സജീവ ചർച്ച ഉണ്ടാകണം

നൈനാൻ കോശി

വീണ്ടും കേരളത്തിലെ സർവ്വകലാശാലകൾ ഒരു പുന:സംവിധാനത്തിനു വിധേയമാകുകയാണ്. പല കാരണങ്ങളാലും പുനസംഘടന ആവശ്യമാണെന്നും തോന്നിയേക്കാം

ഉന്നത വിദ്യാഭ്യാസരംഗത്ത് പുന:സംവിധാനമുണ്ടാകുമ്പോൾ അതിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ, പ്രമാണങ്ങൾ എന്നിവയെപ്പററിയൊക്കെ പരമാവധി അഭിപ്രായ സമന്വയം ഉണ്ടായിരിക്കേണ്ടതാണ്. അത്തരം സമന്വയത്തിനായി സർക്കാർ ഇതുവരെ തയ്യാറായിട്ടില്ലെന്നതാണു വാസ്തവം.

വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളെപ്പററി സമഗ്രമായ ഒരു അന്വേഷണവും പരിശോധനയും ഇന്നാവശ്യമാണ്. അത്തരം പരിശോധന ഉണ്ടായതായി തോന്നുന്നില്ല.

അധികാരത്തിലിരിക്കുന്നവർക്ക് ഭരണപരമായ ചില സൗകര്യങ്ങളുണ്ടാക്കുന്നതിനാണ് പുതിയ സർവ്വകലാശാലാ നിയമം എന്ന ധാരണയുണ്ട്. കക്ഷിരാഷ്ട്രീയത്തിനതീതമായി ധൃതികൂട്ടാതെ വിപുലമായ ചർച്ചക്കു ശേഷമേ ഇതുപോലെയുള്ള രംഗങ്ങളിൽ നിയമ നിർമ്മാണമുണ്ടാക്കുവാൻ പാടുള്ളു,. നിർഭാഗ്യവശാൽ അത്തരമൊരു നിയമനിർമ്മാണ ശൈലിയല്ല ഈ രാജ്യത്തുള്ളത്.

ഈ നിയമ നിർമ്മാണത്തോട് ഉന്നത വിദ്യാഭ്യാസത്തിൽ താല്പര്യമുള്ളവർക്കു രണ്ടു വിധത്തിൽ പ്രതികരിക്കാം. ഒന്ന്, നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബില്ലിന്റെ വകുപ്പുകളേയും വിശദാംശങ്ങളേയും അപഗ്രഥിക്കുകയും അവയേപ്പററി നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. രണ്ട്, ഉപരിവിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഘടകങ്ങളും പ്രശ്നങ്ങളും പഠിച്ച് ആവശ്യമായ പുനപരിശോധനക്കു സഹായിക്കുന്ന വിപുലമായ ചർച്ച നടത്തുക. ആദ്യത്തേ സമീപനം വളരെ പരിമിതമായിരിക്കും.

രണ്ടാമത്തേ സമീപനത്തിലുള്ള പ്രക്രിയയുടെ ഭാഗമാണ് ഇന്നത്തെ സെമിനാർ. ഈ സെമിനാറിലും ഇതുപോലെയുള്ള മററു സെമിനാറുകളിലും കൂടെ ഏററവും വിശാലമായ ഒരു ചർച്ചാവേദി നൽകുവാൻ ഇതിന്റെ സംഘാടകർ ആഗ്രഹിക്കുന്നു.

സർവ്വകലാശാലയുടെ മൌലിക ലക്ഷ്യങ്ങൾ, ഭരണക്രമം, സാമ്പത്തിക കാര്യങ്ങൾ, പരീക്ഷാ സമ്പ്രദായം പങ്കാളിത്തം ഇവയെല്ലാം ഈ ചർച്ചയിൽ വിഷയങ്ങളാണ്. ഇവയേപ്പററിയുള്ള സമഗ്രമായ ആന്വേഷണം ഇന്നത്തെ നിയമ നിർമ്മാണശ്രമത്തിന്റെ അപര്യാപ്തത വെളിവാക്കും.

ഉപരി വിദ്യാഭ്യാസത്തിൽ താല്പര്യമുള്ളവരെല്ലാം ഈപ്രക്രിയയെ ഗൌരവമായെടുക്കുമെന്നും സജീവമായി പങ്കെടുക്കുമെന്നും ഇതിന്റെ സംഘാടകർ പ്രതീക്ഷിക്കുന്നു.

## ഉന്നതവിദ്യാഭ്യാസ രംഗത്തെ സാമൂഹ്യബാദ്ധ്യതകളും സാമ്പത്തിക പ്രശ്നങ്ങളും

പി.കെ. മൈക്കിൾ തരകൻ,
സെൻറർ ഫോർ ഡവലപ്പ്മെൻറ് സ്ററഡീസ്,
തിരുവനന്തപുരം-695011

ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾക്കായി വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേററുവാൻ സർക്കാർ ഖജനാവിനുള്ള കഴിവ് കുറഞ്ഞുവരുന്നു എന്ന ധാരണയിൽ, അത്തരം സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നവർതന്നെ ചിലവ് ചെയ്ത് അതിനായുള്ള സ്ഥാപനങ്ങൾ നടത്തണം എന്ന വാദഗതി മററിടങ്ങളിലെന്നപോലെ കേരളത്തിലും ശക്തമായിക്കൊണ്ടിരിക്കുകയാണ്. സ്വാശ്രയകോളേജുകൾ (Self financing colleges); സ്വയംഭരണ കോളേജുകൾ (autonomous colleges), സ്വകാര്യകോളേജുകൾ (Private Colleges) എന്നിവയുടെ സാമ്പത്തിക യുക്തി മേൽപ്പറഞ്ഞതാണ്. ഈ വാദഗതി ഇന്ത്യയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുത്തൻ സാമ്പത്തിക നയങ്ങൾക്ക് [New Economic Policies] നിരക്കുന്നതുമാണ്. ഇതിൻെറ അടിസ്ഥാന ലക്ഷ്യം സർക്കാരിൻെറ സാമ്പത്തിക ബാദ്ധ്യതകൾ കഴിവതും കുറയ്ക്കുക: പുതിയരംഗങ്ങളിൽ കൂടി സ്വകാര്യ മൂലധനത്തിന് നിക്ഷേപാവസരങ്ങൾ ഉണ്ടാക്കികൊടുക്കുക എന്നിവയാണ്.

മേൽ അവതരിപ്പിച്ച യുക്തിയോട്, ഒമ്പതാം കേരള നിയമസഭയിൽ 74-ാം നമ്പർബില്ലായി അവതരിപ്പിച്ച 1993-ലെ കേരള സർവകലാശാലകൾബില്ല് യോജി

ച്ചു പോകുമെന്ന് പ്രത്യക്ഷത്തിൽ വിശേഷിപ്പിക്കുവാൻ ആകുകയില്ല. ഇന്നു നിലവിലിരിക്കുന്നതു പോലെ തന്നെ സർവകലാശാല'കളുടെ സാമ്പത്തിക കാര്യങ്ങളിൽ സർക്കാരിന് നിർണ്ണായക സ്ഥാനം അനുവദിച്ചുകൊണ്ടാണ് ഈ ബില്ലും രൂപപ്പെടുത്തിയിട്ടുള്ളത്.[2] എന്നാൽ ഈ ബില്ല് മററുപല കാരണങ്ങാംകൊണ്ടും വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നവരുടെയിടയിൽ ആശങ്കപരത്തുന്നുണ്ട്. സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവം, തീരുമാനങ്ങാം എടുക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ സമൂഹത്തിനുള്ള പങ്കാളിത്തം എന്നിങ്ങനെയുള്ള വിവിധ കാര്യങ്ങളിൽ ബില്ലിൻേറതിൽ നിന്നും തീർത്തും വിഭിന്നമായ ധാരണകാം ഇന്നു നിലവിലിരിക്കുന്നു.[3] കൂടാതെ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ അഭിപ്രായത്തിൽ, അക്കാഡമിക് കാര്യങ്ങളിൽ പൂർണ സ്വയംഭരണം സർവകലാശാലകാംക്ക് അനുവദിക്കുമ്പോാംതന്നെ ഭരണ സംബന്ധമായ കാര്യങ്ങളിൽ സർക്കാരിന് നിയന്ത്രണം വേണമെന്നാണ്.[4]

ഇത്തരം അഭിപ്രായങ്ങളോട് പൂർണമായ ഐക്യം പ്രയാസമാണ്. ഉദാഹരണത്തിന്; ഭരണകാര്യങ്ങളിൽ സ്വതന്ത്രമായി തീരുമാനങ്ങാം എടുക്കുവാൻ കഴിയാത്ത ഒരു സർവകലാശാലക്ക്, എങ്ങിനെ അക്കാഡമിക് കാര്യങ്ങളിൽ സ്വാതന്ത്ര്യം നടപ്പിലാക്കുവാനാകും എന്ന സംശയം സ്വാഭാവികമായും പൊന്തിവരാവുന്നതാണ്. ഇത്തരം പ്രശ്നങ്ങളൊക്കെ തൽക്കാലം മാററിനിർത്തിയാൽ തന്നെ മറെറാരു പ്രധാനപ്പെട്ട ചർച്ചാവിഷയം അവശേഷിക്കുന്നു. കേരളത്തിൻെറ പ്രത്യേക പശ്ചാത്തലത്തിൽ, ഉന്നത വിദ്യാ

ഭ്യാസ പ്രക്രിയയുടെ 'നടുമദ്ധ്യത്തി'ൽ സ്ഥാനം പിടിക്കേണ്ട—ബിരുദാനന്തര ബിരുദത്തിനായുള്ള പഠനംകൂടി നടത്തുന്നു—അഫിലിയേററഡ് കോളേജുകൾ ഉണ്ടല്ലോ? ഇവയുടെ കാര്യത്തിൽ ഭരണകൂടത്തിന്റെ ഔദ്യോഗിക നയംതന്നെ സ്വകാര്യ മൂലധനത്തിനു മുൻതൂക്കം കൊടുക്കുന്ന തരത്തിലുള്ളതാണ്.[5] ഉന്നത വിദ്യഭ്യാസ സ്ഥാപനങ്ങൾ പൊതുവെ, അവയുടെ സാമൂഹ്യ ബാദ്ധ്യത നിറവേററുന്നതിൽ പരാജയപ്പെടുന്നു എന്ന ഒരു ധാരണ ഇന്ന് നിലവിലുണ്ടു്. ഇവയുടെ സാമൂഹ്യബാദ്ധ്യത വേണ്ടവണ്ണം നിറവേററപ്പെടണമെങ്കിൽ; അവയുടെ സാമ്പത്തികമായ ഉത്തരവാദിത്വം നിർവഹിക്കുന്നവർക്ക് സ്വതന്ത്രമായി തീരുമാനം എടുക്കുവാനുള്ള അവസരം ലഭ്യമാക്കണം എന്നും അഭിപ്രായമുണ്ട്. കൂടാതെ, ഇതിന് ഉടനടി ലഭിക്കുന്ന ഫലങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു എന്നു കരുതപ്പെടുന്ന സ്വകാര്യ മൂലധനത്തിന്റെ പങ്ക് വർദ്ധിപ്പിക്കണം എന്നും നിർദ്ദേശിക്കപ്പെടുന്നു.

ഇത്തരം അഭിപ്രായങ്ങളുടെ ആന്തരിക യുക്തിയേയും [internal logic] അവയുടെ നയപരമായ പ്രതിഫലനത്തേയും [policy implications] കുറിച്ചു് ചില വിശകലനങ്ങൾ അവതരിപ്പിക്കുക എന്നതാണ് ഈ പ്രബന്ധത്തിന്റെ ഉദ്ദേശ്യം.

## പൊതുചിലവിന്റെ പ്രശ്നം

വിദ്യാഭ്യാസ കാര്യങ്ങൾക്കായുള്ള പൊതുചിലവ് [public expenditure] വർദ്ധിച്ചുവരുന്നു എന്ന നിഗമനത്തിന്റെ നിജസ്ഥിതി ആദ്യമേ തന്നെ പരിശോധി

ക്കാം. ഇൻഡ്യയിലെ 22 സംസ്ഥാനങ്ങളുടെ ശരാശരി വിദ്യാഭ്യാസ ചിലവിൻെറ പങ്ക്, അഞ്ച്, ആറ്, ഏഴ്, പദ്ധതികാലത്ത്, 15.5 ശതമാനവും, 15.0 ശതമാനവും, 15.9 ശതമാനവും മാത്രമായിരുന്നപ്പോരം കേരളത്തിൻെറത് 27.4ശതമാനവും, 24.1 ശതമാനവും 22.2 ശതമാനവും ആയിരുന്നു.[6] എത്ര ആദരണീയമായ കാരണങ്ങളാലാണെങ്കിലും, കേരളത്തെ സംബന്ധിച്ചുള്ള ശതമാനത്തിലുള്ള ഈ വർദ്ധനവ് മററുകാര്യങ്ങരം ക്കായി വിഭവങ്ങരം കണ്ടുപിടിക്കുവാൻ ബുദ്ധിമുട്ടുന്ന പൊതുഖജനാവിന് ഭാരം ആയേ പ്രത്യക്ഷത്തിൽ കാണുവാൻ കഴിയൂ. ഇതിൻെറ വെളിച്ചത്തിൽ, ജനസംഖ്യാനിരക്കു കുറഞ്ഞു കൊണ്ടിരിക്കുന്ന കേരളത്തിൽ ''ലാഭകരമല്ലാത്ത'' [uneconomical] സ്ക്കൂളുകരം പൂട്ടണം എന്നത് അടുത്തകാലത്ത് ഔദ്യോഗികനയമായിട്ടുണ്ട്. എന്നാൽ സംസ്കൃതലോകം മുഴുവൻ സമ്പൂർണ്ണ സാക്ഷരതയും സമ്പൂർണ്ണ അടിസ്ഥാന വിദ്യാഭ്യാസവും ലക്ഷ്യമാക്കിയിട്ടുള്ളതുകൊണ്ട്, പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങരംക്കായുള്ള നിക്ഷേപത്തെ മററ് അടിസ്ഥാന സൗകര്യങ്ങരംക്കായുള്ളതുപോലെ ഒരു ഉപഭോഗ [consumption] ചിലവായിട്ടുവേണം കാണുവാൻ. ജനസംഖ്യയിൽ കാണുന്ന ഏററകുറച്ചിലുകളുടെ അടിസ്ഥാനത്തിൽ,ഈ ലക്ഷ്യങ്ങരം നേടാൻവേണ്ടി നിർമ്മിച്ചിട്ടുള്ള സ്ഥാപനങ്ങളെ നിറുത്തലാക്കിയാൽ, അവ ഏതെങ്കിലും തരത്തിൽ വീണ്ടും വേണ്ടിവരുന്ന അവസരത്തിൽ പുനർസൃഷ്ടിക്കുവാൻ ഇന്നത്തേതിനേക്കാരം കൂടുതൽ നിക്ഷേപം വേണ്ടിവരും. അതുകൊണ്ട്, പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങളെ വേണ്ടവിധത്തിൽ പുനരാവിഷ്കരിച്ച് ആ

രംഗത്ത് ഇന്നും നിലനിൽക്കുന്ന വിടവുകൾ അടക്കുകയും, ഗുണപരമായ മേൻമ കൈവരിക്കുകയും ആണ് ചെയ്യേണ്ടതെന്ന് വാദിക്കാം[7]. ഇക്കാര്യത്തിൽ, കമ്പോളത്തിൻെറ സൂചനകളെ മാത്രം അടിസ്ഥാനമാക്കി ചോദന [demand] നിർണ്ണയിക്കുന്നത് അബദ്ധമാകുമെന്നും, പൊതു മുതൽമുടക്കിന് നിർണ്ണായകമായ പങ്ക് നൽകിയേ തീരൂ എന്നും സ്വകാര്യവൽക്കരണത്തിന് എതിരുനിൽക്കാൻ സാദ്ധ്യതയില്ലാത്തവർപോലും അഭിപ്രായപ്പെട്ടിട്ടുമുണ്ട്.

പ്രാഥമിക വിദ്യാഭ്യാസരംഗത്തെ ചിലവുകൾ വിട്ട് ഉന്നത വിദ്യാഭ്യാസ രംഗത്തെ ചിലവുകളെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ അവയെ അടിസ്ഥാന ആവശ്യങ്ങൾക്കായു ള ഒന്നായി കാണുവാനാകുകയില്ല നേരേമറിച്ച്, മാനുഷിക വിഭവശേഷിയുടെ വികസന രംഗത്തെ [Human resources development] നിക്ഷേപമായി [investment] വേണം കാണുവാൻ. ഈ രംഗത്തെ സൗകര്യങ്ങൾ എത്ര തന്നെ വിപുലപ്പെടുത്തുവാൻ ആഗ്രഹമുണ്ടായിരിക്കാമെങ്കിലും, അതിനു പ്രായോഗികതലത്തിൽ പരിമിതികൾ ഉണ്ടെന്നു അംഗീകരിക്കേണ്ടിവരുന്നു. ഈ രംഗത്തെ സൗകര്യങ്ങൾക്കായുള്ള ചോദന [demand] നിർണ്ണയിക്കുവാൻ കമ്പോള സൂചനകൾക്ക് പ്രത്യക്ഷത്തിൽ വലിയ വൈഷമ്യം ഉള്ളതായും കാണുന്നില്ല. എങ്കിൽ പിന്നെയെന്തുകൊണ്ട് ഈ രംഗത്ത് സർക്കാർചിലവ് കുറയ്ക്കുകയും സ്വകാര്യ മൂലധനത്തിൻെറ പങ്ക് വർദ്ധിപ്പിക്കുകയും ചെയ്തുകൂടാ എന്ന ചോദ്യം പ്രസക്തമാകുന്നു.

## ഉന്നതവിദ്യാഭ്യാസ രംഗത്തെ മുതൽ മുടക്കിൻെറ അടിസ്ഥാന സ്വഭാവം

ഉന്നത വിദ്യഭ്യസ രംഗത്ത് സർക്കാർ സ്രോത സ്സുകളിൽ [government scurces] നിന്നും വിഭി ന്നമായി, മററു സ്രോതസ്സുകളിൽനിന്നും വിഭ വസമാഹരണം നടക്കുന്നു. എന്നാലും, യാതൊരു വി ദ്യാഭ്യാസ സംവിധാനവും പൂർണ്ണമായും സ്വകാര്യവൽ കൃതമാകുവാൻ [privatized] സാദ്ധ്യമല്ല. വിദ്യാഭ്യാ സ സംവിധാനം നിലനിൽക്കണമെങ്കിൽ, സാമൂഹ്യഘ ടനയുടെ നിലനിൽപ് അനിവാര്യമാണല്ലോ? ഇതിന് സമാധാനപരിപാലനം, നിയമവാഴ്ച, എന്നിവയ്ക്കു പുറമെ, വിദ്യാഭ്യാസാനുബന്ധ രംഗങ്ങളായ പൊതു ജനാരോഗ്യവും യാത്രാ സൗകര്യങ്ങളും അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം പാർപ്പിടം എ ന്നിവയും വേണം. ഇവ ലഭ്യമാക്കുന്നതിൽ സ്വകാര മൂലധനത്തേക്കാളേറെ, പൊതുമുതൽമുടക്കും, പൊ തുവായ സംവിധാനങ്ങളുടെ പരിശ്രമവും ആണ് കൂ ടുതൽ പങ്കു വഹിക്കുന്നത്. ഇതിൻെറ അടിസ്ഥാന ത്തിൽ, ഉന്നത വിദ്യാഭ്യാസ പ്രക്രിയ സാമൂഹ്യാധി ഷ്ഠിതമായ ഒരു പ്രക്രിയയാണെന്നും, അതിൻെറ ഫലങ്ങളുടെ – അതായത് ഉന്നത ബിരുദധാരികളുടെ – മേൽ സമൂഹത്തിന് ആദ്യാവകാശം [firstpreference] ഉണ്ടായിരിക്കണം എന്നും സിദ്ധമാകുന്നു.

സമൂഹത്തിൻെറ ആദ്യാവകാശം നടപ്പിലാകണ മെങ്കിൽ, നിശ്ചിതകാലത്തേയ്ക്ക് കുറഞ്ഞ വേതന നിരക്കിലുള്ള സേവനം നിർബന്ധമാക്കുകയോ, സാ മൂഹ്യമായി പ്രാധാന്യം ഉള്ള ജോലികൾക്ക് ഉയർന്ന

വേതനം ഔദ്യോഗികമായി നിശ്ചയിക്കുകയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയ ഒരു രീതിയോ നടപ്പിലാക്കേണ്ടിവരും. ഇവയ്ക്കു ചില ദൂഷ്യവശങ്ങൾ ചൂണ്ടിക്കാണിക്കാനാവുമെങ്കിലും ഇവ പൊതുവെ അഭിലഷണീയമാണെന്നു തോന്നുന്നു. ഇവ നടപ്പിലാക്കണമെകിൽ കമ്പോളത്തിൻെറ ഗതിവിഗതികൾക്കനുസരിച്ച് വിദ്യാഭ്യാസ രംഗത്തേയും തൊഴിൽ രംഗത്തേയും നയിക്കപ്പെടുവാൻ അനുവദിച്ചുകൂടാ. നേരേമറിച്ച്, ഇതിനാവശ്യം വിദ്യാഭ്യാസ തെഴിൽ രംഗങ്ങളിലെ ആസൂത്രണമാണ്. നേരത്തേ അവതരിപ്പിച്ച നിഗമനം—അതായത് നേരിട്ട് കാണാതെ പോകുന്ന (invisibles)പൊതു മുതൽ മുടക്കിൻെറ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ താല്പര്യങ്ങൾക്ക് നിർണ്ണായക പ്രാധാന്യം ഉണ്ടാവണം എന്നത് അംഗീകരിക്കുന്ന പക്ഷം, അതിനനുബന്ധമായി വിദ്യാഭ്യാസ രംഗത്തെ ആസൂത്രണത്തേയും അംഗീകരിക്കേണ്ടിവരും.

മേൽപ്പറഞ്ഞ നിഗമനത്തിനു വേറൊരു വശം കൂടിയുണ്ട്. ആര് വിഭ്യഭ്യാസം ചെയ്യണമെന്നും അവരെന്തു തരം വിഭ്യാദ്യാസം ചെയ്യണമെന്നും നിശ്ചയിക്കുന്ന കാര്യത്തിലും സമൂഹത്തിന് ഒരു പങ്ക് വഹിക്കുവാനുണ്ട്. സമൂഹത്തിൻെറ താല്പര്യാനുസരണം പഠിക്കുവാൻ കഴിവും അഭിരുചിയുമുള്ള എല്ലാവർക്കും ഉന്നത വിദ്യാഭ്യാസം ചെയ്യുവാനുള്ള സൗകര്യം ലഭ്യമാക്കുക എന്നതായിരിക്കണം ലക്ഷ്യം. കഴിവും അഭിരുചിയും ഉള്ളവർക്ക് ഉന്നത വിദ്യാഭ്യാസം പ്രാപ്യമാകാതെ പോകുവാനുള്ള പ്രധാന കാരണം, സാമ്പത്തികമായ കഴിവു കുറവോ, ജാതിപരമോ മററു

ളള സാമൂഹ്യമായ കാരണങ്ങളാലോ, മററുള്ള വിഭാ ഗക്കാർക്ക് ലഭ്യമായ സൗകര്യങ്ങൾ കിട്ടാതെ പോയ തോ ആയിരിക്കും. ഇവയെ മറികടക്കുവാൻ വ്യാപക മായ തോതിലുള്ള സ്കോളർ ഷിപ്പുകളും, പിന്നോ ക്കാവസ്ഥ നിലനിൽക്കുന്നിടത്തോളം കാലം സംവര ണവും (reservations) നടപ്പിലാക്കേണ്ടിവരും. അതേ സമയം, വിദ്യാഭ്യാസ ഫലസിദ്ധി ലഭിച്ചവരുടെ മേലുള്ള സാമൂഹ്യ നിയന്ത്രണം അംഗീകരിച്ചാൽ തന്നെയും, ഉന്നത വിദ്യാഭ്യാസ ചിലവുകൾ വഹിക്കു വാൻ കഴിവുള്ളവരുടെ കാര്യത്തിൽ ഇന്നു നിലവി ലിരിക്കുന്ന സഹായധനം (subsidy) പിൻ വലിക്കു കയും വേണം. ഈ പരിപാടികളുടെ മേൽനോട്ടത്തി ന് (supervision) അധികചിലവും അധിക ഉത്തര വാദിത്വങ്ങളും വേണ്ടിവരുമെങ്കിലും, അടിക്കടി വർ ദ്ധിച്ചുവരുന്ന സർക്കാരിൻെറ വിദ്യാഭ്യാസച്ചിലവു വുകളിൽ പ്രധാന ഭാഗമായ സഹായധനം കുറച്ച് ഒരുപരിധിവരെ മിച്ചം പിടിക്കുവാനാകും. കൂടാതെ വിദ്യാഭ്യാസാവശ്യത്തിനായി പലിശയോടെ തിരിച്ചട ക്കേണ്ട വിധത്തിൽപണം കടം കൊടുക്കുകയോ(Loan- scholarship) ബിരുദാനന്തര ബിരുദധാരികൾക്ക് ജോ ലികൊടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നു.ഒരു വിദ്യാ ഭ്യാസ നികുതി (graduate tax)പിരിക്കുകയോ,വ്യാവ സായിക–വാണിജ്യ -കാർഷിക സ്ഥാപനങ്ങളിൽ നി ന്നും ഉന്നത വിദ്യാഭ്യാസ ലക്ഷ്യങ്ങൾക്കായി ലഭ്യമാ കുന്നസംഭാവനകൾ സർവ്വകലാശാല ഗ്രാൻറ്സ് കമ്മീ ഷനോ അതുപോലെയുള്ള മററു സംഘടനകളോ വഴി ശേഖരിച്ച് ഓരോരോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ യിടയിൽ ആവശ്യാനുസരണം വിതരണംചെയ്യുകയോ,

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപസ്ഥ സമൂഹങ്ങളുടെ (neighbourhood community) നേരിട്ടുള്ള പങ്കാളിത്തവും ധനസഹായവും ആവശ്യപ്പെടുകയോ ആകാം.

## ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്വകാര്യ മുതൽ മുടക്കിൻെറ പരിമിതികൾ

മേൽപ്പറഞ്ഞ കാര്യങ്ങരം വ്യക്തമാക്കുന്നത് ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങരം കമ്പോളത്തിൻെറ ആന്ദോളനങ്ങരംക്കനുസരിച്ച് വിലനിശ്ചയിക്കപ്പെടേണ്ടതും വിൽക്കപ്പെടേണ്ടതുമായ സ്വകാര്യ ചരക്കുകരം ആയിക്കൂട എന്നാണ്. ഈ നിഗമനത്തിന് ഉപോൽ ബലകമായി മറെറാരു സംഗതികൂടിയുണ്ട്. പൊതുവായ തെളിവുകളുടെ അടിസ്ഥാനത്തിലായാലും കേരളത്തിൻെറ പ്രത്യേകകാര്യംഎടുത്തുപരിശോധിച്ചായാലും വ്യക്തമാകുന്ന, വിദ്യാഭ്യാസ രംഗത്തെ സ്വകാര്യ മുതൽ മുടക്കിൻെറ ഒരു സ്വഭാവം ഉണ്ട്; സമൂഹത്തിൻെറ വികസന ലക്ഷ്യങ്ങളനുസരിച്ച് (developmental goal) ദീർഘ വീക്ഷണാടിസ്ഥാനത്തിലുള്ള പുത്തൻ നിക്ഷേപങ്ങരം വേണ്ടിവന്ന അവസരങ്ങളിലെല്ലാം സ്വകാര്യ മൂലധനം വേണ്ടത്ര താല്പര്യം കാണിച്ചിട്ടില്ല. നേരേമറിച്ച്, അത്തരം അവസരങ്ങളിൽ പൊതുമുതൽ മുടക്കാണ് മുൻകൈയെടുത്തിട്ടുള്ളത്.

ഇത് കേരളത്തിൻെറ വിദ്യാഭ്യാസ ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളു. ആധുനിക പാശ്ചാത്യ മാതൃകയിലുള്ള പ്രാഥമിക വിദ്യാലയങ്ങരം ആദ്യമായി സ്ഥാപിച്ചത് ക്രിസ്ത്യൻ

മിഷനറിമാരായിരുന്നെങ്കിലും, തിരുവിതാംകൂറിലും കൊച്ചിയിലും അത്തരം വിദ്യാലയങ്ങളുടെ ഒരു ശൃംഖല സ്ഥാപിച്ചതും, അതിൻെറ നിലനില്പിനാവശ്യമായ ഉപാധികറം സൃഷ്ടിച്ചതും സർക്കാരാണ്. 1920 തുകളിൽ 'അധഃസ്ഥിത ജാതിക്കാരുടെയും സ്ത്രീകളുടെയും വിദ്യാഭ്യാസത്തിനായി ഗ്രാൻസ്-ഇൻ–എയ്ഡ് ഉറപ്പെടെയുള്ള വ്യാപകമായ നടപടികറം എടുത്തതും സർക്കാർ തന്നെയാണ്. സാങ്കേതിക വിദ്യഭ്യാസത്തിന് നാന്ദികുറിച്ചതും, കേരള സംസ്ഥാനരൂപീകരണത്തിനു ശേഷം വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന മലബാറിനെ തിരു–കൊച്ചിയുടെ നിലവാരത്തിലെത്തിച്ചതും, മെഡിക്കൽ എൻജിനിയറിംഗ് വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ മുൻകൈയെടുത്തതും സർക്കാരാണ്. ഇതിൻെറയർത്ഥം പുതിയ മേഖലകളിൽ മുതൽ മുടക്കിയാൽ അത് എന്തുമാത്രം വിജയപ്രദമാകും എന്ന ആശങ്കയാണ് സ്വകാര്യമൂലധനത്തെ പുത്തൻനിക്ഷേപങ്ങളിൽ നിന്നും പിന്നോട്ടുവലിക്കുന്നതെന്ന് തോന്നുന്നു. എന്നാൽ പുതിയ രംഗങ്ങളിൽ പൊതുമുതൽ മുടക്കുവഴി വേണ്ടത്രസ്ഥാപനങ്ങളും, അനുസാരികളും, ബന്ധങ്ങളും [linkages] സ്ഥാപിച്ചുകഴിഞ്ഞാൽ, സ്വകാര്യമൂലധനം അവിടെ പ്രവേശിച്ച് സർക്കാർ സ്ഥാപനങ്ങളെ വെല്ലുന്ന പ്രകടനം കാഴ്ച വയ്ക്കുകയും ചെയ്യാറുണ്ട്.

ഈ അനുഭവത്തിൻെറ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോറം, ഇന്നു നിലവിലിരിക്കുന്നതരം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക [multiply] എന്ന പരിമിതമായ ലക്ഷ്യം മാ

ത്രമാണ് ഉള്ളതെങ്കിൽ, സ്വകാര്യ മൂലധനത്തെ മുൻകൈ എടുക്കുവാനായി ക്ഷണിക്കാം. എങ്കിൽത്തന്നെയും, മഹാരാഷ്ട്രയിലെ സ്വകാര്യ കോളേജുകളെ കുറിച്ചു നടന്ന ഒരു പഠനം ചൂണ്ടികാണിച്ചതു പോലെ[11], അവയിൽ ബഹുഭൂരിപക്ഷവും രാഷ്ട്രീയക്കാരുടെ അല്ലെങ്കിൽ വിദ്യാഭ്യാസേതര താൽപര്യങ്ങളുടെ നിയന്ത്രണത്തിലാണ് എന്ന കണ്ടെത്തലിൽ അടങ്ങിയിരിക്കുന്ന അപകട സാദ്ധ്യതയെ നിസാരമായി കാണുവാനാകുകയില്ല. വിദ്യാഭ്യാസരംഗത്ത് സാമുദായിക താൽപര്യങ്ങൾക്ക് മുൻതൂക്കം ഉള്ള കേരളം പോലുള്ള ഒരു സംസ്ഥാനത്തിൽ, അവ ഏത്രമാത്രം സമൂഹത്തിൻെറ വിദ്യാഭ്യാസപരവും വികസനപരവും ആയ ലക്ഷ്യങ്ങളുമായി പൊരുത്തപ്പെട്ട് പോകുന്നുണ്ട് എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. എന്തായാലും വിദ്യാഭ്യാസ രംഗത്ത് വികസന ലക്ഷ്യത്തോടെയുള്ള പുത്തൻ മുതൽ മുടക്കിനായി സ്വകര്യ മൂലധനത്തെ ആശ്രയിക്കുവാനാകുകയില്ല

## വിദ്യാഭ്യാസത്തിൻെറ വികസനലക്ഷ്യങ്ങൾ

കേരളത്തിൻെറ ഇതുവരെയുള്ള വികസനാനുഭവം പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന ഏററവും പ്രകടമായ നേട്ടം: സാക്ഷരതയിലും, അടിസ്ഥാന വിദ്യാഭ്യാസത്തിലും കൈവരിച്ച ഉയർന്ന നിരക്കുകളാണ്. ഇത്തരം നിരക്കുകൾ നേരത്തേ കൈവരിച്ച തൈവാൻ, തെക്കൻ കൊറിയ എന്നീ രാജ്യങ്ങൾ വിദ്യാഭ്യാസ രംഗത്തെ ആസൂത്രണത്തിലൂടേയും, ഉയർന്ന സാങ്കേതിക ജ്ഞാനത്തിലധിഷ്ഠിതമായ വാർത്താ വി

വിനിമയം, കമ്പ്യൂട്ടർ, ബയോടെക്‌നോളജി എന്നീ രംഗങ്ങൾക്കാവശ്യമായ പരിശീലന പരിപാടികളിലൂടെയും, സാധിതമായ അനുബന്ധവ്യവസായ വളർച്ചയിലൂടെ ഉയർന്ന ദേശീയ വരുമാനം നേടിയെടുത്തു.[12] വളരെ വിപുലമായ സാക്ഷരരുടെ ഒരു സംഭരണി ലഭ്യമായ കേരളത്തിൽ ഇത്തരം നേട്ടങ്ങൾ അപ്രാപ്യമാകേണ്ടതില്ല. എന്നാൽ നമുക്കതിനു സാധിച്ചിട്ടില്ല എന്നതാണ് വാസ്തവം. ഈ സ്ഥിതിക്കൊരു മാററം വരണമെങ്കിൽ, മേൽപറഞ്ഞതരം രംഗങ്ങളിൽ തൊഴിലധിഷ്ഠിത [vocational] വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കുകയും, അതിനാവശ്യമായ ഗവേഷണ–പരിശീലന സഹായം നൽകാൻ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തയ്യാറാകുകയും വേണം.

ഇന്ത്യയിൽ വ്യാവസായിക രംഗത്തെ ഗവേഷണത്തിനും വികസനത്തിനും [R and D] ആയി ചിലവഴിക്കപ്പെടുന്ന തുകയുടെ നിരക്ക് പരിശോധിക്കുമ്പോൾ, മേൽപ്പറഞ്ഞതരത്തിലുള്ള വിദ്യാഭ്യാസ നിക്ഷേപത്തിനായുള്ള സമ്മർദ്ദം നിലവിലിരിക്കുന്ന വ്യാവസായിക രംഗത്തുനിന്നും വരുമെന്ന് പ്രതീക്ഷിക്കുവാനാകുകയില്ല.[13] എന്നു മാത്രമല്ല; വിദ്യാഭ്യാസരംഗത്തെ നിക്ഷേപംകൊണ്ടുമാത്രം നമ്മുടെ വ്യാവസായിക പിന്നോക്കാവസ്ഥയുടെ പ്രശ്നങ്ങൾ മുഴുവൻ മാററിയെടുക്കാമെന്ന അർത്ഥം ഈ നിർദ്ദേശത്തിനു കൽപിക്കേണ്ടതുമില്ല[14]. നമ്മുടെ പിന്നോക്കാവസ്ഥയുടെ പ്രധാനപ്പെട്ട ചില കാരണങ്ങളിൽ ഒന്ന് എങ്കിലും ഇതുവഴി പരിഹരിക്കാം എന്നേ ഉദ്ദേശിക്കുന്നുള്ളു. പുത്തൻ വിദ്യാഭ്യാസ മേഖലകളിൽ,

പുതിയ നിക്ഷേപം ഉണ്ടാകണമെങ്കിൽ അതിനായി സ്വകാര്യ മൂലധനത്തേയോ, അതുകൊണ്ടു വരുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന സ്വാശ്രയ കോളേജുകളേയോ, സ്വകാര്യ കോളേജുകളേയോ ആശ്രയിച്ചിട്ട് വലിയ കാര്യമില്ല. സ്വയംഭരണ കോളേജുകൾ കൊണ്ട് അർത്ഥമാക്കുന്നത് സ്വകാര്യ മൂലധനത്തിൻെറ സ്വയംഭരണം മാത്രമാണെങ്കിൽ അവകൊണ്ടും കാര്യമായ മാററം പ്രതീക്ഷിക്കുവാനാകുകയില്ല. എന്നാൽ സ്വയംഭരണം കൊണ്ട് ഉദ്ദേശിക്കുന്നത് വികേന്ദ്രീകൃതമായ വിദ്യാഭ്യാസ സമൂഹങ്ങളുടെ [academic communities] തീരുമാനമെടുക്കുവാനുള്ള അവകാശത്തെയാണ് എന്നുണ്ടെങ്കിൽ, അവ പ്രയോജനപ്പെട്ടേക്കാം.

മേൽ അവതരിപ്പിച്ച ചർച്ചയിലൂടെ തെളിഞ്ഞുവരുന്നത് ഉന്നതവിദ്യാഭ്യാസമേഖലയിലെ സാമ്പത്തിക പ്രശ്നങ്ങളുടെ പരിഹാരത്തിനായി വീണ്ടും പൊതുമുതൽമുടക്കിനെ തന്നെ പ്രധാനമായും ആശ്രയിക്കേണ്ടിയിരിക്കുന്നു എന്നാണ്. എന്നാൽ ഇത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവയുടെ സാമൂഹ്യ ബാദ്ധ്യത [social accountability] നടപ്പിലാക്കാത്ത പ്രശ്നത്തിന് പരിഹാരമാകുന്നില്ല. ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടത്, സാമ്പത്തിക വിഭവങ്ങളുടെ സമാഹരണത്തെ കുറിച്ചുള്ള ചർച്ചയിലല്ല. സ്ഥാപനങ്ങളുടെ നടത്തിപ്പ്, മേൽനോട്ടം, രൂപകൽപന [conceptualisation] ചെയ്യുന്ന വിധം എന്നിവയുമായി ആണ് ഇത്തരം പ്രശനങ്ങൾക്ക് കൂടുതൽ ബന്ധം എന്നു തോന്നുന്നു. ഇവയെ കുറിച്ചുള്ള സ്വതന്ത്ര ചർച്ചകൾ ആവശ്യമാണ് എന്നുമാത്രം സൂചിപ്പിക്കുന്നു. കൂ ാ

തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് കൂടുതൽ സർക്കാർ മുതൽ മുടക്ക് വേണം എന്ന് അഭിപ്രായപ്പെടുമ്പോഴും, ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികൾ കുററമററതാണെന്നോ, നിലവിലിരിക്കുന്ന നിക്ഷേപ രീതി [investment pattern] പൂർണ്ണമായും യുക്തിസഹമാണെന്നോ [rational] ഉദ്ദേശിക്കുന്നില്ല. ഈ രംഗങ്ങളിലും മാററം വേണം. അത്തരം മാററങ്ങളോടെ വേണം ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതുമുതൽമുടക്ക് നടുനായകത്വം വഹിക്കേണ്ടത്.

## Notes

1. ഇവിടെ പ്രതിപാദിക്കുന്ന വിഷയങ്ങളെ കൂടുതൽ വിശദമായി ചർച്ച ചെയ്യുന്ന ഒരു ലേഖനം. **മാർക്സിസ്ററ് സംവാദത്തിൻെറ 1993 സെപ്ററംബറിൽ** പ്രസിദ്ധീകൃതമാകുന്ന ലക്കത്തിൽ ഞാൻ എഴുതിയിട്ടുണ്ട്.

2 **ഒൻപതാം കേരള നിയമസഭ ബിൽ നമ്പർ74, 1993 ലെ കേരള സർവ്വകലാശാലകൾ ബിൽ,** കേരള സർക്കാർ, തിരുവനന്തപുരം, 1993, അദ്ധ്യായം VIII, 'ധനകാര്യവും കണക്കുകളും' pp54-57 നോക്കുക

3 **മാതൃഭൂമി** 1993 ആഗസ്ററ് 3 മുതൽ ആഗസ്ററ് 12 വരെ പ്രസിദ്ധീകരിച്ച ഏകീകൃത യൂണിവേഴ്സിററി ബിൽ ചർച്ചയും, രാജൻ ഗുരുക്കളും, ജോയ് ജോബ് കുളവേലിയും കൂടി **ദേശാഭിമാനി** ജൂൺ 22, 23, തീയതികളിൽ പ്രസിദ്ധീകരിച്ച 'ഏകീകൃത സർവകലാശാലനിയമം ഒരു ശ്രീലങ്കൻ മുന്നറിയിപ്പ്' എന്ന ലേഖനവും വായിക്കുക.

4 ഇൗ.ടി.എം. ബഷീർ, "അക്കാദമിക് കാര്യങ്ങളിൽ പൂർണ സ്വാതന്ത്ര്യം," **മാതൃഭൂമി** ആഗസ്റ്റ് 12, 1993

5 ബി. എസ്. വാരിയർ,""സ്വന്തം ചെലവിൽ സ്വാശ്രയ കോളേജ് പഠനം," **മലയാള മനോരമ** 1993 ഓഗസ്റ്റ് 4 ബുധൻ

6 K. K. George, **Limits to Kerala Model of Development, an analysis of fiscal crisis and its implications,** Centre for Development studies, Tvm. 199:, Table V 1.9 p 101

7 പി. കെ. മൈക്കിൾ തരകൻ. കെ. നവനീതം "സ്കൂളുകൾ പൂട്ടണോ?" **ശസ്ത്രഗതി**, പുസ്തകം–26 ലക്കം 4, 1993 ജൂലൈ പേജ് 26–31

8 World Bank, **World Development Report 1991, The Challenge of Development,** OUP Oxford cte. 1991, p 11

9 Jomdhyala B G Tilak and N V Vargeese, "Financing Higher Education in India" **Higher Education** Volum 2, No 1 1991, pp 83-101.

10 P K Michael Tharakan, " Socio Economic factors in Educational Development : case of Ninteenth Century Travancore, ' **Economic and dolitical weekly**(EPW), Vol XIX, Nos 45, 46, p191 –1925, 19??-1988, November 10, 17, 9?4. Robin

Jeffry" Government and culture. How Women made Kerala Literate" **Pacific Affairs**, Vol.60, Fall 1981, Pp 447-472 A Methew, A History of Educational Development in Kerala,' NIEPA, Delhi, 1987 എന്നിവ നോക്കുക.

11 V. N. Kothari, 'Private unaided Engineering and Medical Colleges. Consequences of Misguided Policy", **EPW**, Vol.21 No. 14, 1986, Pp 593–596.

12 Jennie Hay Woo 'Education and Economic Growth in Taiwan: A Case of Successful Planning' **World Development** Vol 19, No. 8, 1991, Pp 1029–1044.

13 ഇൻഡ്യയിലെ വ്യവസായരംഗത്തെ Rand D ചിലവ് മൊത്തം വിററുവരവിൻെറ 0.74 ശതമാനം മാത്രമായിരുന്നു.1990–91ൽ. ആകെ Rand D വ്യവസായേതര രംഗമുൾപ്പെടെ) ചിലവ് GNP യുടെ 1 ശതമാനം മാത്രമായിരുന്നു. 1988–89ൽ **Research and Development in Industry 1990-91** Govt. of India Dept. Science and Technology, N.Delhi, 99 , Ta 2.5 p.9, **Scenice and Technology Pockct Data Book**, Dept of Sciences and Technology N. Delhi 991 Ta. 3 p.4.

14 ഇത്തരം അനുമാനങ്ങളെ കുറിച്ചുള്ള വിമർശനത്തിനായി James Donald, (review) 'Dewey–eyed Optimism: The Possibility of Democratic Education' **New Left Review,** 192, March, April 1992 pp. 133–144. നോക്കുക.

# EQUALITY AND ALTERNATIVES IN FINANCING HIGHER EDUCATION

Dr. G. C. GASPER

## 1 INTRODUCTION :

It is widely recognized that the distribution of economic welfare has to be given more importance than the objective of economic growth particularly in the developing countries (IBRD, 1991, 1992). The public expenditure policy has powerful redistributive effects. The government investment in education, particularly higher education can be considered to bring about socially and economically balanced development among various social groups in the country. The effectiveness of a social policy has to be understood in the context of its potential effect on the socio-economic development of the society to which it is addressed. The issue of alternatives in financing higher education should also be viewed from this stand point. This short paper aims to critically view the policy of financing higher education in the context of promoting equality.

## 2 SOCIAL OBJECTIVE :

There is stability in the earnings ratio of socially backward and foward groups (G. C. Gasper, 1987). The economic development and the social status of the social groups are positively correlated (G C. Gasper, 1993). This may partly be attributable to the lower educational attainment and achievement of lower social groups (G.C Gasper, 1991) which in turn may be the result of the inferior educational facilities available to the backward castes (G. C. Gasper, 1993) The actual distribution of education among different social groups is as according to to the social hierarcy of them In other words, the social status and the distribution of education are positively correlated (G C.Gasper, 1991).

The stability in the earnings ratio may also be due to the imperfections in the labour market(G. C. Gasper 1987) The labour market discrimination has trapped the weaker sections in the low income yielding jobs and underemployment. The caste sensitiveness has created 'dualistic labour markets', the socially weaker groups are confined to the low-paying occupations in the unorganized sector and agriculture and thereby protecting the enterprenurial class of the forward social goups in the high-paying occupations in the industrial sector from competition from the former.

The Directive Principle of the State Policy gives direction towards promotiom of social justice (Refer to Article 38, 39). "the State shall in particul ar strive to minimize the inequalities in status, facilities and opportunities not only among individuals but also among groups of people........................"(Art. 38).

The Education Policy Document-1986 observes: "India has reached a stage in its economic and technical development when a dynamic effort is called for to derive the maxium benefit from the assets already created and to ensure that the fruits of change reach all sections. Education is the highway to that goal"(Govt. of India, 1986).

The Education commission 19646-6 states: "Every society that values social justice and is anxious to improve the lot of the common man and cultivate all available talents, must ensure progresive equality of opportunity to all sections of the population. This is the only guarantee

for building up of an egalitatarian and human society in which the exploitation of the weak will be minimised." (Govt. of India, 1966).

Education is identified to be the most important single variable influencing income inequality, Hence, investments in education if well designed and implemented can improve distribution and at the same time promote development in other ways (IBRD, 1991).

## 2 STRATEGY OF EQUALITY :

A public investment policy must ensure three kinds of equality : equality of use, equality of cost and equality of outcome.(Julian Legrand, 1972 Equality of use refers to equal treatment for equal need. That is to say, the investment is to be allocated in such a way to enable two social groups to use the same amount of social service. Equality of cost implies that the private cost of social groups have equal access to the social service. Equality of outcome means that the expenditure should result in equalizing the benefits reaped by both social groups. In other words, equality of use can be visualized if only the cost curve is same for two social groups In reality it is not so. The cost is higherfor the socially weaker sections,particularly because of opportunity cost. So long as the cost curves faced by two individual groups are not same, equality of use is not achieved and so long as epuality of use is not ensured equality of out come is not even cognizable

"Those who have more, more will be given, thoes who have less, even that less will be taken away"-Bible.

The alternaives in financing higher education has to ake into consideration the strategy of aquality.

## 3 SOCIAL MOBILITY TOWARDS EQUITABLE DEVELOPMENT

In a society,there are certain social impediments which prevents individuals from having an economic role that would enable them to utilize their natural abilities fully On the other hand, there are certain social privileges which facilitate some people to assume certain economic roles that could be better performed by others. What is an impediment to some people may be a privilege to some other people. The impediments of privileges may be in the form ofcaste or sex or region or the like. These may affect the cost curves of two groups of people differently and thereby affect the use of opportunities differently in different grouds and ultimately the outcome is also different (G. C. Gasper 1991).

Because of the presence of these social impediments and privileges and also because of the imperfections in the labour market and high degree of unemployment, the aspiration for education, not to speak of higher education is very much low for the socio-economically poorer groups (Gasper, (forthcoming), J. Ray,1992). The intergenerational mobility is affeced by the propensity to invest in children by the parents (Becker and Tomes, 1979, 1986). The public investment is to induce family investment in the children. Hence it is very important to ensure that the cost recovery measures to be implemented will affect the demand for higher education among the socially weaker groups.

## 4 CAN WE FOLLOW THE DEVELOPED COUNTRIES :

The proportion of the relevant age-group who go for higher education in India is just about 5 per cent as compared to about 20 per cent in the developed countries. Compared to the magitude of the population, rhis percentage is much less than the requirement. In fact, the per capita availabilits of highly skilled persons like doctors and engineers much less than that in the developed countries Rationing the higher education still further, is very likely to reduce the availability of such skilled people in the country.

In the case of the developed countries there is a better degree of interaction between the forces of supply and demand for labour. For instance, higher remuneration for labourers attracts skilled labourers even from the developing countries Hence, if rationing of higher education is adopted, there is no cuarentee of checking brain drain. A rational investor would be willing to invest in higher education, even if the cost is high and would migrate to other countries where the rate of return to higher education is very high.

In pricing higher education, India cannot simply follow the developed countries because of the intrisic differences in thier development, pattern and distribution and the basic characteristics. The developed countries have been following a policy of free education for a prety long time. They have better distribution of human and social capital among the individuals and groups as compared to that in our country; there is better collaboration between industry and educational institutions; discrimination in the labour market is also moderatly low; and there is

informed private bodies to invest in education. Further the pattern of distribution of skills in the developed country is much different from that of this country India has to develop the basic and necessary skills for the development of the country.

5 EXTERNALITIES IN HIGHER EDUCATION :

Higher education produces a lot of externalities the impact of which is spread over many generations In other words, the social benefits are spread over a long period of time. As the cost recovery measures should be such as to spread the cost over generations rather than one generation to bear it. Since the benfits are spread ovet a period of time, it is also advisable that the government bear the cost of higher education.

The cost recovery measure should be such that the consumers are able to bear the cost of it. Adam Smith has made a hint in his book, Wealth of Nations :

"If the legal rate ........... was fixed so high ........... the greater part of the money which was to be lent to prodigals and profectors, who alone would be willing to give this higher interest. Scber people, who will give for the use of money no more than a part of what they are likely to make by the use of it, would not venture into the competition ..........." Adam Smith (1776). *Wealth of Nations.*

6 COST SAVING MEASURES :

It will be very prudent to take into practice some of the cost saving measures :

Raising the quality of higher education will be helpful in reducing the enrolment for higher education. Only those who feel competent will join the course. Currently in most of the universities, the curriculum for the master's degree and that for the bachelor's degree are very much alike. As such,one who has a mastery of English can easily read through the master's degree syllabus. Naturally, most if not all of the bachelor's degree holders would enroll for master's degree, as a stop-gap arrangement, if there is unemployment. Raising the quality of tertiary education will be helpful in reducing the enrolment for higher education.

Common curriculum should be followed in all universities. Efforts should also be taken that all those who enroll for higher education completes it successfully.

The quality of achievement in higher education is definitely influenced by the quality of school education. Hence there is need to raise the quality of school education. Common curriculum for school education and common medium of instruction through out the country so that the quality of school outcome is very much similar among the individuals.

Create job opportunities for the school completors so that the pressure on higher education is reduced.

There should be close interaction between the higher educational institutions and the industry.Higher educational institutionscan be helpful to the industry in number of ways and the industry can be helpful to the educational institutions in a number of ways. The ways of interaction between the two have to be explored and exploited fully for the mutual benefits.

REFERENCES :

GASPER, G. C. (1987). *Equalization of educational opportunities*. A Ph.d Thesis. Pune: Pune University.

... ........... (1992). Determinants of socio-economic mobility: A recursive approach," *Manpower Journal*, vol.27(3) pp.1-19

............ ..(1991) "Inequality in Education," *Artha Vijana*, 33 (1), 56-64,

.............. "Equalization of Educational Opportunities: Emphasis shool quality," *Indian Journal of Labour Economics* (forth coming)

...........''Discrimination In The Indian Labour Market,' *Indian Journal of Social Science Institutions*, (forth coming).

... ... .. .. ..(1992)"Education For The Depressed and Deprived People," *Journal of All India Association For Educational Research*. Vol, 4 (4), pp.6-11.

Govt. of India (1966). Education and National Development New Delhi : Ministry of Education.

Govt. of India (1986) National Policy on Education. New Delhi Ministry of Education.

IBRD (1991) World Development Report Oxford

IBRD (1992) World Development Report. Oxford.

LEGRAND, J (1982). The Strategy of Equality. London: George Allen & Unwin.

## ഉന്നത വിദ്യാഭ്യാസം:
## ചില ഭരണഘടനാ – നിയമപ്രശ്നങ്ങൾ

–ഡോ: എൻ.കെ. ജയകുമാർ

വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ഏററവും പ്രധാനപ്പെട്ട ഭരണാഘടനാപരവും നിയമപരവുമായ പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്:

### 1. ഫെഡറൽ സംവിധാനവുമായി ബന്ധപ്പെട്ടവ:

ഭരണഘടനയുടെ 42–ാം ഭേദഗതി വഴി വിദ്യാഭ്യാസം കൺകറൻറ് ലിസ്ററിൽ ഉൾപ്പെടുത്തിയതിനെ തുടർന്ന്,കേന്ദ്രത്തിന് വിദ്യാഭ്യാസരംഗത്ത് മുൻകൈയും മേൽക്കോയ്മയും ഉണ്ടായിട്ടുണ്ട്. യു. ജി. സി. പോലുള്ള കേന്ദ്രീകൃത ഏജൻസികളുടെ പ്രവർത്തനത്തിൽ പൊതുവേയും, ഫണ്ട് അനുവദിക്കുന്നതിൽ പ്രത്യേകിച്ചും സംസ്ഥാനങ്ങൾക്ക് സംതൃപ്തിയില്ല.

### 2 സാമൂഹിക നീതിയുമായി ബന്ധപ്പെട്ടവ:

ഭരണഘടന ഉറപ്പു നൽകുന്ന തുല്യതയ്ക്കുള്ള അവകാശം തിലനിർത്തിക്കൊണ്ടുതന്നെ, ദുർബല വിഭാഗങ്ങൾക്ക് സാമൂഹിക നീതി ഉറപ്പുവരുത്തുന്ന 'സംരക്ഷണാപരമായ വിവേചനം'(Protecitve discrimination) എങ്ങനെ നടപ്പിലാക്കാം?

## 3 ന്യൂനപക്ഷാവകാശങ്ങൾ:

മതപരവും ഭാഷാപരവുമായ ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും നടത്തുവാനും ഭരണഘടന നൽകുന്ന അവകാശത്തിന്റെ വ്യാപ്തി എന്താണ്? ഈ അവകാശത്തിന്മേൽ സർക്കാരിന് ഏതെല്ലാം കാരണങ്ങളാൽ എത്രത്തോളം നിയന്ത്രണം ഏർപ്പെടുത്താം.

## 4 അധികാര വൈരുദ്ധ്യം:

വിവിധ അധികാരികളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ ഉണ്ടാകുന്ന പരസ്പരവിരുദ്ധമായ തീരുമാനങ്ങൾ പലപ്പോഴും നിയമപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇത് കൂടുതലായും പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലാണ് ഉണ്ടാകുന്നത്. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ, ബാർ കൗൺസിൽ, അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ എന്നീ പ്രൊഫഷണൽ ബോഡികൾ, സർവ്വകലാശാലകൾ, യു.ജി.സി, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എന്നീ അധികാര സ്ഥാപനങ്ങൾ കൈയ്യാളുന്ന അധികാരങ്ങൾ വ്യക്തമായി നിർവ്വചിക്കപ്പെടാത്തതിനാൽ, അഥവാ അത്തരം അധികാരങ്ങൾ ദുരുപയോഗപ്പെടുത്തുന്നതിനാൽ, ഉണ്ടാകുന്ന പ്രശ്നങ്ങളാണ് കോടതികളിൽ എത്തിച്ചേരുന്നത്

## 5 വിദ്യാഭ്യാസത്തിനുള്ള അവകാശം:

ഒരു ഇന്ത്യൻ പൗരന് വിദ്യാഭ്യാസത്തിനുള്ള അവകാശം ഉണ്ടോ? ഉണ്ടെങ്കിൽ ആ അവകാശത്തിന്റെ വ്യാപ്തി എത്രത്തോളമാണ്? ക്യാപിറ്റേഷൻ ഫീ, അല്ലെ

ങ്കിൽ സാധാരണക്കാരന് താങ്ങാനാവാത്ത വിധം ഉയർന്ന ഫീസ്, ആ അവകാശം നിഷേധിക്കുന്നതിനു തുല്യമാണോ? വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനുമുള്ള മൗലികാവകാശം ഭരണഘടന നൽകുന്നുണ്ടോ? എന്നീ പ്രധാന ചോദ്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ഉയർന്ന് വന്നിട്ടുള്ളത്.

കേരളത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്തു നടപ്പിലാക്കാൻ പോകുന്ന പരിഷ്ക്കാരങ്ങളുടെ ഭാഗമായി സ്വാശ്രയ കോളേജുകൾ സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയ സാഹചര്യത്തിൽ, വിദ്യാഭ്യാസത്തിനുള്ള അവകാശത്തെ സംബന്ധിച്ച് വിശദമായ ചർച്ച ആവശ്യമാണെന്നു കരുതുന്നു. ഇതുമായി ബന്ധപ്പെട്ട് സമീപകാലത്തുണ്ടായ രണ്ടു സുപ്രീം കോടതി വിധികൾ പ്രത്യേക പ്രാധാന്യം അർഹിക്കുന്നവയാണ്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ആവശ്യമായ മുതൽ മുടക്ക് മുഴുവൻ ഏറ്റെടുക്കാൻ സർക്കാരിന് കഴിയില്ല എന്നും അതുകൊണ്ട് സ്വകാര്യമേഖലയ്ക്കു കൂടി ഈ രംഗത്ത് പ്രവർത്തിക്കാനുള്ള അവസരം നൽകേണ്ടിവരും എന്നും ഉള്ള വാദം ഏറെക്കുറെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അതോടൊപ്പം വിദ്യാഭ്യാസം വ്യാപാരവൽക്കരിക്കാനോ, ഭരണഘടനാദത്തമായ അവകാശങ്ങൾ നിഷേധിക്കാനോ സ്വകാര്യ മേഖലയെ അനുവദിക്കാൻ പാടില്ല എന്ന തത്വവും അംഗീകരിക്കേണ്ടതാണ്.

ഈ പശ്ചാത്തലത്തിലാണ് **മോഹിനി ജയിൻ V കർണ്ണാടക സ്റേററ്**, (1992)3 S.C.C. 666, എന്ന

കേസ് സുപ്രീം കോടതിയുടെ പരിഗണനയ്ക്കു വിധേയമായത് Karnataka Educational Institutions (prohibition of capitation fee) Act, 1984 എന്ന നിയമത്തിലെ 5 (1) വകുപ്പനുസരിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ, മെഡിക്കൽ കോളേജുകളിൽ സർക്കാർ ക്വോട്ടയിൽ പ്രവേശനം ലഭിച്ചവരിൽനിന്നും 2000 രൂപയും, മാനേജുമെൻറ് ക്വോട്ടയിൽ പ്രവശനം ലഭിച്ച കർണ്ണാടക സംസ്ഥാനത്തുള്ള വിദ്യാർത്ഥികളിൽ നിന്ന് 25,000 രൂപയും, മാനേജുമെൻറ് ക്വോട്ടയിൽ പ്രവേശനംലഭിച്ച സംസ്ഥാനത്തിന് പുറത്തുള്ളവരിൽനിന്ന് 60,000 രൂപയും ഫീസ് ഈടാക്കാൻ അനുവാദം നൽകിയിരുന്നു. മാനേജുമെൻറ് ക്വോട്ടയിൽ പ്രവേശനം ലഭിച്ച ഉത്തർ പ്രദേശ് സംസ്ഥാനത്ത് നിന്നുള്ള ഒരു പെൺകുട്ടി, തനിക്ക് 60,000 രൂപ ഫീസ് നൽകാൻ കഴിവില്ലെന്നും വ്യത്യസ്ത രീതിയിലുള്ള ഫീസ് വിവേചനപരവും തുല്യതയ്ക്കുള്ള അവകാശത്തിൻെറ ലംഘനവും ആണെന്നുള്ള വാദവുമായി സുപ്രിം കോടതിയെ സമീപിച്ചു. പ്രസക്തമായ ഭരണഘടനാ വ്യവസ്ഥകൾ, നിയമ വകുപ്പുകൾ, നിയമ തത്വങ്ങൾ എന്നിവയെ വ്യാഖ്യാനിക്കുന്നതിൽ പുരോഗമനപരമായ ഒരു കാഴ്ചപ്പാട് സ്വീകരിച്ചുകൊണ്ട്, അങ്ങേയററം സ്വാഗതാർഹമായ ഒരു വിധിന്യായത്തിലൂടെ സുപ്രീംകോടതി കർണ്ണാടക സർക്കാരിൻെറ വ്യത്യസ്തനിരക്കിൽ ഫീസ് ഈടാക്കാൻ അനുവദിക്കുന്ന വിജ്ഞാപനം റദ്ദാക്കി. വിദ്യാഭ്യാസത്തിനുള്ള അവകാശം സമ്പന്നർക്കു മാത്രമായി പരിമിതപ്പെടുത്താൻ പാടില്ല എന്നും മേൽപ്പറഞ്ഞ ഫീസ് സമ്പ്രദായം ഫലത്തിൽ സാമ്പത്തികശേഷി കുറഞ്ഞവർക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശം നിഷേധിക്കുക

യാണ് ചെയ്യുന്നതെന്നും കോടതി വ്യക്തമാക്കി. കൂടുതൽ അർഹതയുള്ള ഒരു വിദ്യാർത്ഥി സാമ്പത്തികശേഷി ഇല്ല എന്ന കാരണത്താൽ പുറന്തള്ളപ്പെടുമ്പോഴും, അർഹത കുറഞ്ഞ സമ്പന്നനായ ഒരു വിദ്യാർത്ഥിക്ക് സീററ് വിലയ്ക്കു വാങ്ങാൻ കഴിയുന്നത് വ്യക്തമായ ഒരു വർഗ്ഗ വിവേചനം(class bias)ആണ് സൃഷ്ടിക്കുന്നതെന്ന് കോടതി അഭിപ്രായപ്പെട്ടു. ഇത് ഭരണഘടനയുടെ 14–ാം വകുപ്പ് ഉറപ്പു ചെയ്യുന്ന തുല്യതയ്ക്കുള്ള അവകാശത്തിന്റെ ലംഘനമാണ്.

മോഹിനി ജയിൻ കേസിന്റെ ഏററവും വലിയ പ്രാധാന്യം വിദ്യാഭ്യാസത്തിനുള്ള അവകാശം കോടതി അംഗീകരിച്ചു എന്നുള്ളതാണ്. ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലിക സ്വാതന്ത്ര്യങ്ങൾ (19–ാം വകുപ്പ്), ജീവനും വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള അവകാശം (21-ാം വകപ്പ്) എന്നിവ അർത്ഥവത്താകണമെങ്കിൽ വിദ്യാഭ്യാസത്തിനുള്ള അവകാശം കൂടി ഉണ്ടാകേണ്ടത് തികച്ചും ആവശ്യമാണെന്ന് കോടതി ചൂണ്ടികാണിച്ചു, ഭരണഘടനയിൽ മൗലികാവകാശമായി എടുത്തു പറഞ്ഞിട്ടില്ലെങ്കിലും വിദ്യാഭ്യാസത്തിനുള്ള അവകാശം ഒരു അനുബന്ധാവകാശം (concomitant right) ആണെന്ന് കോടതി വ്യക്തമാക്കി. പൗരൻമാർക്ക് വിദ്യാഭ്യാസം നൽകാനുള്ള ഭരണഘടനാപരമായ ബാദ്ധ്യത സർക്കാർ നേരിട്ടോ, അംഗീകാരമുള്ള സ്വകാര്യസ്ഥാപനങ്ങൾ മുഖേനയോ നിറവേററാവുന്നതാണ്. എന്നാൽ സർക്കാരിന്റെ അംഗീകാരത്തോടെ ഈ ബാദ്ധ്യത ഏറെറടുക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ സർക്കാരിന്റെ ഒരു ഉപകരണം (instrumentality of the state) എന്ന നിലയിലാണ്

പ്രവർത്തിക്കുന്നത്. നേരത്തേ പല വിധി ന്യായങ്ങളിലൂടെ സുപ്രീംകോടതി വ്യക്തമാക്കിയിട്ടുള്ളതുപോലെ ഈ നിലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ പൗരൻമാരുടെ മൗലികാവകാശങ്ങൾ ലംഘിക്കുവാൻ പാടില്ല. അങ്ങനെ ലംഘിച്ചാൽ മൗലികാവകാശങ്ങൾ ഉറപ്പ് വരുത്തുന്നതിനായി കോടതികൾക്ക് ഈ സ്ഥാപനങ്ങൾക്കെതിരെ റിട്ട് പുറപ്പെടുവിക്കാവുന്നതാണ്.

ക്യാപിറ്റേഷൻ ഫീ സമ്പ്രദായം നിർത്തലാക്കുന്നതിനുവേണ്ടി കർണ്ണാടകം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ പാസാക്കിയ നിയമങ്ങൾ, ഫലത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ ക്യാപിറ്റേഷൻ ഫീ ഈടാക്കാൻ സ്വകാര്യസ്ഥാപനങ്ങൾക്ക് സൗകര്യം നൽകുന്നവയായി മാറി. ഇത് ഒരു കാരണവശാലും അനുവദനീയമല്ലെന്ന് പ്രഖ്യാപിക്കുക വഴി, വിദ്യാഭ്യാസ മേഖലയെ വ്യാപാരവൽക്കുന്നതിനെതിരായ ശക്തമായ ഒരു താക്കീതാണ് മോഹിനിജയിൻ കേസിലൂടെ സുപ്രീംകോടതി ജഡ്ജിമരായ ശ്രീ. കുൽദീപ് സിംഗും ശ്രീ. ആർ. എം.സഹായിയും നൽകിയത്.

മോഹിനിജയിൻ കേസിൽ ഉന്നയിക്കപ്പെട്ട അടിസ്ഥാനപരമായ നിയമ പ്രശ്നങ്ങൾ അഞ്ചു ജഡ്ജിമാരടങ്ങുന്ന സുപ്രീംകോടതി ബഞ്ചിന്റെ പരിഗണനക്ക് വീണ്ടും വിധേയമാക്കപ്പെട്ടത് ഉണ്ണികൃഷ്ണൻ V സ്റ്റേററ് ഓഫ് ആന്ധ്രപ്രദേശ് (1993) I.S.C.C.645 എന്ന കേസിലാണ്. വിദ്യാഭ്യാസത്തിനുള്ള അവകാശം ഉയർത്തി പിടിക്കുന്നതിനും വിദ്യാഭ്യാസമേഖലയുടെ വ്യാപാരവൽക്കരണത്തിനെതിരേ ഉറച്ച ഒരു നിലപാടു സ്വീകരിക്കിന്നതിനും പകരം

മോഹിനി ജയിൻ കേസിലെ നല്ലവശങ്ങൾ ഇല്ലായ്മ ചെയ്യാനാണ് നിർഭാഗ്യവശാൽ സുപ്രിംകോടതി തുനിഞ്ഞത്. സൂക്ഷ്മമായി വിശകലനം ചെയ്താൽ ഉണ്ണികൃഷ്ണൻ കേസിൽ സുപ്രീംകോടതി സ്വീകരിച്ച നിലപാടിൽ പല വൈരുദ്ധ്യങ്ങളും കണ്ടെത്താൻ കഴിയും. പരസ്പരം പൊരുത്തപ്പെ ാത്ത പല സമീപനങ്ങളും കോർത്തിണക്കികൊണ്ട്, ഒരു ഒത്തുതീർപ്പ് ഫോർമുലയ്ക്ക് രൂപം നൽകുകയാണ് കോടതി ചെയ്തത്. വ്യപാരവൽക്കരണം പാടില്ല എന്ന് ആവർത്തിച്ചു പറയുന്നതിനോടൊപ്പം വിദ്യാഭ്യാസത്തിനുവേണ്ടി മുതൽമുടക്കുന്ന സ്വകാര്യ ഏജൻസികൾക്ക് അവരുടെ മു ക്കുമുതൽ, ഫീസിൻെറ രൂപത്തിൽ ഈടാക്കുന്നതിന് അവകാശമുണ്ടെന്നും കോടതി വിധിച്ചു. ഇതുവഴി സ്വാശ്രയ കോളേജുകൾ എന്ന സങ്കല്പത്തിന് നിയമപരമായ അംഗീകാരം കേടതികനിഞ്ഞു നൽകി. എന്നാൽ സർക്കാരിൻെറ അംഗീകാരം ഉള്ള സ്വകാര്യ സ്ഥാപനങ്ങൾ മൗലികാവകാശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടതാണെന്നും കോടതി അഭിപ്രായപ്പെടുകയുണ്ടായി. ഇവിടേയും പ്രകടമായ ഒരു വൈരുദ്ധ്യമുണ്ട്. അൻപതു ശതമാനം സീററുകളിൽ വിദ്യാർത്ഥികളിൽനിന്നും ഉയർന്ന ഫീസ് ഈടാക്കാൻ അനുമതി നൽകുകയും, തൽമൂലം തുല്ല്യതയ്ക്കുള്ള മൗലികാവകാശം ലംഘിക്കാൻ അവസരം നൽകുകയും ചെയ്തിട്ട്, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മൗലികാവകാശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കണം എന്നു പറയുന്നതിൽ നിന്നും സുപ്രീം കോടതിക്ക് സുവ്യക്തമായ ഒരു നിലപാട് സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് അനുമാനിക്കേണ്ടി വരുന്നു.

യോഗ്യത ഉണ്ടായിരിന്നിട്ടും സാമ്പത്തികശേഷി ഇല്ലാത്തതിൻെറ പേരിൽ ഒരു വിദ്യാർത്ഥിക്ക് പ്രവേശനം നിഷേധിക്കപ്പെടുകയും യോഗ്യത കുറഞ്ഞ ഒരാറം സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിൽ ആ സ്ഥാനത്ത് കയറികൂടുകയും ചെയ്യുന്നത് അവസര സമത്വം ഉറപ്പുനൽകുന്ന ഭരണഘടനയുടെ 16–ാം വകുപ്പിൻെറ കൂടി ലംഘനമാണ്. മാത്രമല്ല നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന ലക്ഷ്യങ്ങൾക്കും നിർദേശക തത്വങ്ങൾക്കുംകൂടി നിരക്കാത്തതാണ് അത്തരമൊരു വ്യാഖ്യാനം എന്ന് പറയേണ്ടതുണ്ട്, ഉന്നത വിദ്യാഭ്യാസ രംഗത്ത് നീതിയിലും സമത്വത്തിലും അധിഷ്ഠിതമായ ഭരണഘടനാ കാഴ്ചപ്പാട് നടപ്പിൽ വരുത്തുന്നതിനുവേണ്ടിയാണ് യൂണി: ഗ്രാൻറ്സ് കമ്മിഷൻ നിയമത്തിലെ 12 എ(2) വകുപ്പിൽ കോളേജുകളിലെ ഫീസ് നിയന്ത്രിക്കുന്നതിനുള്ള അധികാരം യു. ജി. സി.ക്ക് നൽകിയിട്ടുള്ളത്. ഈ വകുപ്പനുസരിച്ച്, സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിൽ ഒരു വിദ്യാർത്ഥി പ്രവേശനം നേടുകയും കൂടുതൽ യോഗ്യതയുള്ള മററൊരു വിദ്യാർത്ഥിക്ക് പ്രവേശനം നിഷേധിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ ഒഴിവാക്കാൻ യു. ജി. സി.യിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിക്കാവുന്നതാണ്.

ഉണ്ണികൃഷ്ണൻ കേസിൽ, പ്രൊഫഷണൽ കോളേജ് പ്രവേശനത്തിനുള്ള ഒരു പദ്ധതി സുപ്രീം കോടതി തയ്യാറാക്കുകയുണ്ടായി. ഇതനുസരിച്ച് 50 ശതമാനം സീററുകളിൽ സർക്കാർ / യൂണിവേഴ്സിററി നിർദ്ദേശിക്കുന്ന വിദ്യാർത്ഥികൾക്ക് മെരിററിൻെറ അടിസ്ഥാനത്തിൽ പ്രവേശനം നൽകേണ്ടതാണ് ബാക്കി 50 ശതമാനം സീററുകളിലേക്കുള്ള പ്രവേശ

നം ഉയർന്ന നിരക്കിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫീസ് നൽകാൻ കഴിവുള്ളവർക്കു മാത്രമായിരിക്കും. എന്നാൽ പ്രവേശന പരീക്ഷയിലെ റാങ്കിൻെറ അടിസ്ഥാനത്തിൽ ആയിരിക്കണം ഈ സീററുകളിലേക്കും അഡ്മിഷൻ നൽകേണ്ടത്. ഉയർന്ന ഫീസ് നിശ്ചയിക്കുന്നത് സർക്കാർ നിയമിക്കുന്ന ഒരു കമ്മിററി ആയിരിക്കും. ഫീസ് നിശ്ചയിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവർത്തന ചെലവ് മാത്രം കണക്കിലെടുത്താൽ മതിയോ, അഥവാ മൂലധന നിക്ഷേപംകൂടി കണക്കിലെടുക്കേണ്ടതുണ്ടോ തുടങ്ങിയ കാര്യങ്ങൾ കമ്മററി തീരുമാനിക്കും. ചുരുക്കത്തിൽ ക്യാപ്പിറേറഷൻ ഫീ നിരോധന നിയമങ്ങൾ നിലവിലിരിക്കവേ തന്നെ, 'അനുവദിക്കപ്പെട്ട ഫീസ്' എന്ന ഓമനപ്പേരിൽ ക്യാപ്പിറേറഷൻ ഫീ ഈടാക്കാനുള്ള സൗകര്യം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ലഭിക്കും. ഫീസ് നിരക്ക് നിശ്ചയിക്കുന്നതിന്വേണ്ടി സർക്കാർ നിയോഗിക്കുന്ന കമ്മററിയുടെ മേൽ ഉണ്ടാകാനിടയുള്ള ബാഹ്യസമ്മർദ്ദങ്ങൾ നമുക്ക് ഊഹിക്കാവുന്നതേയുള്ളു.

ഉണ്ണികൃഷ്ണൻ കേസിലെ സുപ്രീംകോടതി വിധി ഉന്നത വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ചും പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിക്കും, സ്വകാര്യ പ്രൊഫഷണൽ കോളേജുകളിൽ 50 ശതമാനം സീററുകൾ സമ്പന്നർക്കായി സംവരണം ചെയ്യപ്പെടും എന്നുള്ളതാണ് ഒരു അടിയന്തിരഫലം. 'സംവരണം സാമ്പത്തികാടിസ്ഥാനത്തിൽ' എന്ന വാദത്തിൻെറ തലതിരിഞ്ഞ അംഗീകാരം! ദുർബല വിഭാഗങ്ങൾക്കുള്ള 25 സംവരണം

കഴിഞ്ഞാൽ, യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രം പ്രവേശനം നൽകപ്പെടുന്നത് 25 ശതമാനം സീററുകളിലേക്കാണ്. നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ ഇന്നു നിലനിൽക്കുന്ന അവസ്ഥ യാഥാർത്ഥ്യ ബോധത്തോടെ മനസ്സിലാക്കാൻ ശ്രമിക്കുന്ന ആർക്കും, ഈ 25 ശതമാനം സീററുകളിലേക്ക് പ്രവേശനം നേടാൻ കഴിയുന്നത് സമൂഹത്തിലെ മേലേക്കിടയിൽപ്പെട്ടവർക്കുമാത്രമാണെന്നു കാണാൻ കഴിയും ചുരുക്കത്തിൽ ഏതാനും വർഷങ്ങൾ കഴിയുമ്പോൾ, പ്രൊഫഷണൽ മേഖല സമ്പന്ന വിഭാഗത്തിന്റെ കുത്തകയായി മാറും. സാമ്പത്തിക നേട്ടത്തിൽ മാത്രം അധിഷ്ഠിതമായ ഒരു മനോഭാവം ഈ മേഖലയിൽ ആധിപത്യം ഉറപ്പിക്കുകയും, ഇന്നു നാം കാണുന്ന മൂല്യത്തകർച്ച പൂർണ്ണമാകയും ചെയ്യും. ഇത്തരമൊരു ദുരന്തത്തിലേക്കാണ് ഉണ്ണികൃഷ്ണൻ വിധി, അറിഞ്ഞോ, അറിയാതയോ നമ്മുടെ പ്രൊഫഷണൽ വിദ്യാഭ്യാസത്തെ തള്ളി വിടുന്നത്.

സുപ്രീം കോടതി വിധിയുടെ പിൻബലത്തോടെ സ്വാശ്രയ കോളേജുകൾ സ്ഥാപിക്കാനുള്ള നീക്കം ശക്തിപ്പെടും എന്ന കാര്യം തീർച്ചയാണ് സുപ്രീം കോടതി വിധിയിലെ വൈരുദ്ധ്യങ്ങൾ തുറന്നു കാട്ടുന്നതിനോടൊപ്പം, ഇത് ഒരു നിയമപ്രശ്നം എന്നതിലുപരി സാമൂഹ്യക പ്രശ്നമായി കൈകര്യം ചെയ്യപ്പെടേണ്ടതാണെന്നുള്ള വസ്തുത സമൂഹത്തെ ബോദ്ധ്യപ്പെടുത്തേണ്ട കടമ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവർക്കുണ്ട്.

## FINANCING OF TECHNICAL EDUCATION

Prof. R. V. G. Menon

Education is the process of converting the younger generation into useful members of the society, by imparting the proper values, knowledge and skills, excelling in these will be rewarded by economic advancement and a social acclaim This is the individual's incentive for the years of effort and sacrifice he has to put in. The skills so created, the vision and wisdom so developed, will help the society to build a better future. It is thus that expenditure on education becomes a long term investment by the society. In the post industrial western society, this wedding of the individual ambition with the collective goal, has made education a most useful societal enterprise In fact, according to Paul Kennedy"(Preparing for the 21stCentuary") the one big difference b tween the winners and the losers in the race for modernisation is in the matter of education; education that is good oriented, effective and productive. Japan has 3548 scientists and engineers per million of population, USA has 2685 and Europe 1632; where as the corresponding figure for Latin America is 209, mainland Asia 99 and Africa 53, The industrialised countries spend about 6% of their GDP on education whereas India struggles to set apart even 3% for this item.

Unfortunately, modern education in India not as a result of the integral development of the indigenous society or as an organic offshoot of the traditional system. It was introduced by the British deliberately with the intention of creating a subordinate service capable of helping the colonial masters to exploit the

natives efficiently. Thus the societal linkage was not one of promoting the productive function, but, on the contrary, one of helping to rule over the fellow citizens. Thus the educated became an island of privilege in a vast sea of exploitation, and education a passport for this social climb.

This essentially anti-social role of education has not changed even after independence. Hence the great divide between the educated and the rest. Even among the educated, if it turns out that their degree certificates and diplomas are not helpful in landing "Khushi" jobs, they become disenchanted, frustrated and helpless. Their education does not enable them to create opportunities for themselves and for others. Instead they have been provided only with decorated pieces of paper to prove their superiority of eligibility. This is true even for the limited sphere of vocational education. Here also the coveted fruit is the certificate which gives them eligibility for salaried jobs in big firms. The real artisans, craftsmen and workers get trained in the non-formal sector through strenuous and tedious processes of traditional apprenticeships. Yet it is the certificate holder who lands the fancied jobs with steady salary, bonus and security. Thus education, whether of the university brand or of the vocational kind, has come to be looked upon as the agent or means for creating privileges and perquisities—solely a matter of individual salvation, with no social responsibility.

It is in this background that we have to examine the paradox of 7921 unemployed engineering graduates registered in the Employment Exchanges of Kerala, and

still parents queuing up to pay lakhs of rupees as capitation fee for engineering seats. A case is yet to be made that this state needs even more engineers or technicians to develop its resources or to meet the demands of its productive systems. But it is argued that "let us produce more engineers and export them". Trained manpower, it is argued, is a resource which can be exported for gain, This will certainly bring us some foreign exchange. and also some prosperity for individual households. Here again we are looking at education solely as a means for individual advancement. But what is wrong with it? One may ask. If we accept the fact that the number of exceptionally gifted and talented individuals in any society will be very limited (Say 1% or even less), it is only logical that the society would look upto this microscopic minority for leadership, for pathbreaking, for creating the systems, in which the less gifted, the less educated and the less skilled can also perform productively. This is the secret of education in the developed countries. But in our society, the ambition of the most gifted and the best educated is to "escape" and seek individual salvation, if possible, abroad and if not atleast in the high wage islands in our own country. And even in these jobs, they are seldom employed in pathbreaking or creative activities. Instead of creating new systems, they are content to become highly privileged subordinates. Quite often the work done by a graduate engineer in India is being done by a technician in a developed country, and the wore done by University degree holders can as well be done by matriculates with some trade training. The real bane of our system in this under utilisation of manpower and of our scarce resources. Unless we makk

use of the best of our manpower, in the most productive and creative way, we can scarcely hope to realize our full potential. It is in this perspective that we must question the wisdom of training our best youth for export. If we lose the best of our talent, who will create the systems which can give productive employment opportunities for our less gifted and less privileg

From this perspective it emerges hat the money spent on giving the best education for the most gifted youth is not an individual investment, it is an investment by the whole society. This cannot be allowed to be considered a private commercial enterprise. Since the resources of the society are limited, it must be ensured that the benefits of this soeietal investment go to the most deserving, and it must also be ensured that the beneficiaries develop a proper societal perspective and attitude about the privilege and duty that this implies. It is the absence of this societal view that is the most critical lacuna in our education system.

Being a developing country, India finds it hard to set apart even 3% of its GDP on education. But this has got to go up. The cooperation of the industry and the professions must be enlisted in enhancing this investment. Afterall, they are the direct beneficiaries of the system. The community can also be encouraged to take an active role in financing the local technical educational institution which should become community colleges. This will be possible only if the justitutes give emphasis to the interaction with the community. Upgradation of skills of the local artisans, technicians and craftsmen, study of local problems, involvement in the development of local resources, etc. can help

in creating this spirit of mutual cooperation. It is the experience of most developed countries that community support is the critical requirement for a successful profenssional institute. Quite often one finds short term courses or technician education programmes in almost all relevant areas within the same campus; from nursing, pharmacy, hospitality and home management to animal husbandry, agriculture and computer programming. Needless to say, these courses will be thoroughly job oriented and absolutely integrated with the industry or profession. Institutes of higher (University level) education will be fewer in number, and will depend upon the level of industrial development in the State. In our context, we should concectrate not in incresing the quantity but in giving quality education at this level, so that our products are able to perform the functions that are expected of persons of that calibre. For this, it is also essential that we give them the necessary infrastructural facilities and freedom of operation so that they can develop their full potential. This is the function of the poiltical system--to provide the basic societal system, in which all subsystems can function optimally.

Only such a systems view can put the problems of our technical education including financing in the correct perspective.

In conclusion, one may recapitulate that.

1. Education, especially technical edecation, must be intimately linked with the production function of the society.

9395



2. Eduction must stress the societal perspective over the individual salvaion, so that expenditure on education become a truely social investment.

3. Technical institutions at University level must chose the highest calibre youth and train them to do the highest calibre work of system building and path breaking. Emphasis must be on quality and in utilising the products to the best advantage. There will always be some export of manpower of this calibre, and itmay even benefit us. But the purpose of this education cannot be manpower export, but manpower utilisation.

4. Technician Education Institutions must greatly diversify their courses and make them thoroughly job oriented. They must become community college, in its fullest sense.

5. Student fees must be supplemented by government grants, industry participation and community support, in the matter of financing of technical education. An international norm seems to be: 20-25% of the expenses being met by student fees.

PG Library &

## സംഘാടകസമിതി

എൻ. എ. കരിം, എം എ ഉമ്മൻ, നൈനാൻ കോശി, സി ചി നാരായണൻ, കെ സദാശിവൻ നായർ, വി. കാർത്തികേയൻ നായർ, പി കെ മാധവൻ നായർ, പി കെ രാജൻ, മാത്യു ഉമ്മൻ, കെ പി ദിവാകരൻ നായർ, ആർ വി ജി മേനോൻ, മാമ്മൻവർക്കി (കൺവീനർ)

28/406 എ. കെ. പി. സി. ടി. എ. ഓഫീസ്
അംബുജവിലാസം റോഡ്, തിരുവനന്തപുരം–1
ഫോൺ: .77494

ചെമ്പക തിരു–4

സർവകലാശാലകളുടെ പുനഃസംഘടന

# ഉന്നതവിദ്യാഭ്യാസരംഗം
## സാമൂഹിക ബാദ്ധ്യതകളും സാമ്പത്തിക പ്രശ്നങ്ങളും

378.1

പ്രസിദ്ധീകരണം 1